മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.
(ബി) വിശദമായ അന്വേഷണം നടത്തിവരുന്നു.

ഏഴാം പദ്ധതിക്കാലത്ത് പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

* 9 [9] ശ്രീ. എം. വി. മാണി :
,, ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം പദ്ധതിക്കാലത്ത് കേരളത്തിലെ പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് കേന്ദ്ര ഗവൺമെൻറ് അനുവദിച്ചിട്ടുള്ളത് ;

(ബി) പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് കേരളത്തിൽ സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയെണ്ണം ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 155.76 കോടി രൂപ.
(ബി) ഉണ്ട്.
(സി) 96.

ഡി. വൈ. എഫ്. ഐ. യുടെ വഴിതടയൽ സമരം

* 10 [10] ശ്രീ. ടി. കെ. ഹംസ :
,, കോടിയേരി ബാലകൃഷ്ണൻ :
,, എ. കെ. പത്മനാഭൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 4 വരെ നടന്ന ഡി. വൈ. എഫ്. ഐ. യുടെ വഴിതടയൽ സമരത്തെതുടർന്ന് ഗവൺമെൻറുമായി എന്തെങ്കിലും ഒത്തുതീർപ്പ് ഉണ്ടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) ഡി. വൈ. എഫ്. ഐ. യുടെ സമരത്തിനാധാരമായി ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കാൻ ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ഡി) 1986 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 4 വരെ ഡി. വൈ. എഫ്. ഐ. നടത്തിയ സമരത്തോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി എത്ര പേരെ അറസ്റ്റുചെയ്തു ; എത്ര പേരുടെ പേരിൽ കേസെടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത സമരത്തോടനുബന്ധിച്ച് പോലീസ് എവിടെയെല്ലാം ലാത്തിച്ചാർജ് നടത്തി ; എത്ര പേർക്ക് പരിക്കേറ്റു ;

(എഫ്) ഈ സമരത്തോടനുബന്ധിച്ച് അറസ്റ്റു ചെയ്തവരിൽ എത്ര പേരുടെ പേരിൽ ഏതെല്ലാം വകുപ്പുപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ജി) ഈ സമരത്തോടനുബന്ധിച്ച് നടന്ന പോലീസ് വെടിവയ്പിൽ എത്ര പേർ മരിച്ചു ; എത്ര പേർക്ക് പരിക്കേറ്റു ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) 5-9-1986-ന് ഡി. വൈ. എഫ്. ഐ. അടക്കമുള്ള സംസ്ഥാനത്തെ യുവജന സംഘടനകളുടെ പ്രതിനിധികളുമായി മുഖ്യമന്ത്രി ചർച്ച നടത്തുകയുണ്ടായി. ചർച്ചകളിൽ സംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് ഡി. വൈ എഫ്. ഐ. സമരം പിൻവലിക്കുകയും ചെയ്തു. ചർച്ചകളിൽ, തൊഴിലില്ലായ്മ വേതനം നടപ്പിലാക്കുന്നതിൽ പാകപ്പിഴകളുണ്ടെങ്കിൽ അവ തീർക്കാനുള്ള നടപടി എടുക്കാമെന്നും, എസ്. എസ്. എൽ. സി. തോറ്റ യുവതീയുവാക്കൾക്കും കൂടെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ ഉള്ള ഒരു സ്കീം തയ്യാറാക്കുന്നതിനെപ്പറ്റി പരിഗണിക്കാമെന്നും പി. എസ്. സി. റാങ്ക് ലിസ്റ്റ് ഉള്ളപ്പോൾ താൽക്കാലിക നിയമനം നടത്തുന്നത് കർശനമായി തടയുന്നതാണെന്നും മുഖ്യമന്ത്രി അറിയിക്കുകയുണ്ടായി.

(ബി) രജിസ്റ്റർ ചെയ്ത മുഴുവൻ യുവതിയുവാക്കൾക്കും തൊഴിലില്ലായ്മ വേതനം നൽകുക, പി. എസ്. സി. യെ മറികടന്നുകൊണ്ടുള്ള നിയമനങ്ങൾ അവസാനിപ്പിക്കുക, പി. എസ്. സി. റാങ്ക് ഹോൾഡേഴ്സിനെ നിയമിക്കുക എന്നിവയായിരുന്നു മുഖ്യമായ ആവശ്യങ്ങൾ.

(സി) പി. എസ്. സി. റാങ്ക് ലിസ്റ്റ് ഉള്ളപ്പോൾ താൽക്കാലിക നിയമനം നടത്തരുത് എന്ന കർശനമായ നിർദ്ദേശം എല്ലാ വകുപ്പുമേധാവികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ട്. മറ്റു നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ഡി) ഡി. വൈ. എഫ്. ഐ. ക്കാരുടെ വഴിതടയൽ സമരത്തോടനുബന്ധിച്ച് 1255 പേരെ അറസ്റ്റ് ചെയ്യുകയും 967 പേരുടെ പേരിൽ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 13 പെറ്റികേസുകളിലായി 1611 പേരെ അറസ്റ്റുചെയ്തു.

(ഇ) അക്രമാസക്തമായ ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനുവേണ്ടി കാസർകോട്, കണ്ണൂർ, വടകര, തിരുവനന്തപുരം ജില്ലയിൽ കാരക്കോണത്തും പത്തനംതിട്ട ജില്ലയിൽ പാറക്കോട്ടും, തൃശ്ശൂർ ടൗണിലും എറണാകുളം ജില്ലയിൽ മൈലർത്താവ, കാരപ്പുറം എന്നിവിടങ്ങളിലും, ഇടുക്കി ജില്ലയിൽ തൊടുപുഴ കാർമൽ ജംഗ്ഷനിലും, കോഴിക്കോട് സിറ്റിയിൽ മുതലക്കുളത്തും ലാത്തിച്ചാർജുകൾ നടന്നിട്ടുണ്ട്. കൂടാതെ കായംകുളം, ആലപ്പുഴ, തിരുവനന്തപുരം സിറ്റി, എറണാകുളം ജില്ലയിൽ കോതമംഗലം മുനമ്പത്തുപള്ളത്താൽ കുളങ്ങര, കോട്ടയം ജില്ലയിൽ കോട്ടയം, ചങ്ങനാശ്ശേരി, പൊൻകുന്നം മലപ്പുറം എന്നിവിടങ്ങളിൽ വിരട്ടിയോടിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ലാത്തിച്ചാർജിലും ലാത്തി ചുഴറ്റിയോടിക്കലിന്റെ ഫലമായും മൊത്തം 296 പേർക്ക് പരിക്കുപറ്റി.

2/1059/V.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 9507 ആൾക്കാരുടെ പേരിൽ ഇൻഡ്യൻ ശിക്ഷാനിയമം 143 147, 149, 293, 341, 332 എന്നീ വകുപ്പുകൾ പ്രകാരവും കേരളാ പ്രിവൻഷൻ ഓഫ് പബ്ലിക് മീറ്റിംഗ് ആക്റ്റ് പ്രകാരവും കേസെടുത്തിട്ടുണ്ട്. കൂടാതെ 1611 ആൾക്കാരുടെ പേരിൽ കേരളാ പോലീസ് ആക്റ്റ് പ്രകാരവും കേസെടുത്തു.

(ജി) വെടിവയ്പിൽ ഒരാൾ മരിക്കുകയും ഏഴുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

അപകടമരണം സംഭവിച്ച മൽസ്യത്തൊഴിലാളിയുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ

* 11. [11] ശ്രീ. മണിമംഗലത്ത് കുട്ട്യാലി :
,, സ്റ്റീഫൻ പാട്ടുവ :
,, കെ. മുഹമ്മദാലി :
,, ടി.എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾക്ക് അപകട മരണം സംഭവിച്ചാൽ എന്തെല്ലാം സഹായങ്ങളാണ് ഗവൺമെൻറ് നൽകി വരുന്നത് ;

(ബി) ഇവ നൽകാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(സി) അപകട സാദ്ധ്യത കൂടുതലുള്ള സമുദ്ര മൽസ്യ ബന്ധന മേഖലയിലെ മൽസ്യത്തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ കൂടുതൽ സഹായം നൽകുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ വസ്തുത പരിഗണിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) മൽസ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണത്തിരയായ മൽസ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് പതിനയ്യായിരം രൂപ നൽകിവരുന്നു.

(ബി) 1. മൽസ്യത്തൊഴിലാളി ആയിരിക്കണം.

2. ഏതെങ്കിലും അപകടംമൂലം മരണം സംഭവിച്ചാലേ ആനുകൂല്യം ലഭിക്കുകയുള്ളൂ.

3. അപകടം ഏത് അവസരത്തിൽ എവിടെവച്ച് എങ്ങനെ സംഭവിച്ചാലും ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

(സി) ഇല്ല.

(ഡി) ഇന്ന്. നൽകി വരുന്ന ആനുകൂല്യം പര്യാപ്തമായതിനാൽ ഈ ആവശ്യം പരിഗണിക്കാൻ സാദ്ധ്യമല്ല.

പാലാഴി കേന്ദ്രത്തിലെ അയിത്താചരണം

* 12. [12] ശ്രീ. എം. കെ. കേശവൻ :
,, കെ. റ്റി. കുമാരൻ :
,, വി. കെ. രാജൻ :

LIBRARY ARCHIVES Kerala Legislative Assembly